# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# കരിമ്പുഴ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2023-2024**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**പാലക്കാട്-678001**

**ഇ-മെയിൽ: dopkd.ksad@kerala.gov.in**
**ഫോൺ : 0491-2520145**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.(പി.കെ.ഡി)പി 12-1346/24

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 19/10/2024
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കരിമ്പുഴ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കരിമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കരിമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.(പി.കെ.ഡി)പി 12-1346/24 തീയ്യതി: 19/10/2024

# പാലക്കാട് ജില്ലയിലെ കരിമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ കരിമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 24-08-2023 മുതൽ 04-08-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 29 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 14-08-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| വി.പി. ഷോബി | ഡെപ്യൂട്ടി ഡയറക്ടർ | 05-08-2024 | 14-08-2024 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 05-08-2024 | 14-08-2024 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ഐ.സുലൈമാൻ, ഓഡിറ്റ് ഓഫീസർ
ശ്രീ.കെ.പി.രാമകൃഷ്ണൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.കെ.വി.രാജൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.രാജേശ്വരി.സി, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഉമ്മർ കുന്നത്ത് | പ്രസിഡന്റ് | 01-04-2023 | 26-06-2023 |
| ശ്രീ.കെ.എം.ഹനീഫ | പ്രസിഡന്റ് | 27-06-2023 | 31-03-2024 |
| ശ്രീ.സന്തോഷ്കുമാർ.എം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2023 | 03-09-2023 |
| ശ്രീമതി.മാലിനി.കെ.ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 04-09-2023 | 31-01-2024 |

| | | | |
|---|---|---|---|
| ശ്രീ.സന്തോഷ്കുമാർ.എം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-02-2024 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.അമീറിന്നീസ പിലാത്തോടൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 14-07-2023 |
| ശ്രീമതി.സിത്താര.പി | അസിസ്റ്റന്റ് എഞ്ചിനീയർ | 15-07-2023 | 31-03-2024 |
| ശ്രീമതി.ശശികല.കെ | ഹെഡ് മിസ്ട്രസ് | 01-04-2023 | 31-03-2024 |
| ശ്രീമതി.ചിത്ര ഭാസ്കരൻ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ശ്രീമതി.പ്രസന്ന | വി.ഇ.ഒ | 01-04-2023 | 12-07-2023 |
| ശ്രീ.അരുൺ ഘോഷ് | വി.ഇ.ഒ | 13-07-2023 | 19-07-2023 |
| ശ്രീ.രഞ്ജിത്ത്. | വി.ഇ.ഒ | 20-07-2023 | 19-03-2024 |
| ശ്രീമതി.തുളസി ദേവി | വി.ഇ.ഒ | 20-03-2024 | 31-03-2024 |
| ഡോ.ശോഭ.കെ | മെഡിക്കൽ ഓഫീസർ-ആയൂർവേദം | 01-04-2023 | 11-08-2023 |
| ഡോ.വനജ | മെഡിക്കൽ ഓഫീസർ-ആയൂർവേദം | 12-08-2023 | 31-03-2024 |
| ഡോ.ഹണി റോസ് | മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | 01-04-2023 | 08-10-2023 |
| ഡോ.ഇന്ദു | മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | 09-10-2023 | 18-01-2024 |
| ഡോ.ഭരത് സത്യൻ | മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | 19-01-2024 | 31-03-2024 |
| ഡോ.വിനീഷ് ബാബു | മെഡിക്കൽ ഓഫീസർ-വെറ്ററിനറി | 01-04-2023 | 31-03-2024 |
| ശ്രീമതി.അർച്ചന.സി.ആർ | കൃഷി ഓഫീസർ | 01-04-2023 | 22-05-2023 |
| ശ്രീമതി.ശാന്തി എലിസബത്ത് കുര്യൻ | കൃഷി ഓഫീസർ | 23-05-2023 | 15-11-2023 |
| ശ്രീ.തേജസ് ജോർജ്ജ് | കൃഷി ഓഫീസർ | 16-11-2023 | 31-03-2024 |
| ശ്രീ.സന്തോഷ്കുമാർ. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 31-03-2024 |
| ശ്രീമതി.ധന്യ.കെ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |

-

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിങ്ങ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിനൊപ്പം സമർപ്പിച്ചിട്ടില്ല | 1-1-1 |
| 3 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം - ചെലവ് തുക പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | ശുചിത്വ മിഷൻ ഗ്രാന്റ് ചെലവ് തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | ഡെപ്പോസിറ്റ് തുകകൾ - വരവ്, തിരികെ നൽകിയത് എന്നിവ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | CFC ഗ്രാന്റ്- റവന്യൂ, മൂലധന ചെലവുകളിൽ ഒരേ തുകകൾ തന്നെ ചേർത്തിരിക്കുന്നു | 1-1-5 |
| 7 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - അപാകത | 1-1-6 |
| 8 | ബജറ്റ് | 1-2 |
| 9 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 10 | ഫണ്ട് വിനിയോഗം | 1-4 |
| 11 | പദ്ധതി അവലോകനം | 1-5 |
| 12 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 13 | ക്ഷേമ പദ്ധതികൾ | 1-7 |
| 14 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 15 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 16 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 17 | പഞ്ചായത്തിന്റെ അനുമതി ഇല്ലാതെ ടർഫ് പ്രവർത്തിക്കുന്നു - വരുമാന നഷ്ടം | 1-11 |
| 18 | വസ്തുനികുതി പരിഷ്ക്കരണം ഫീൽഡ്തല പരിശോധന – പുരോഗതി വിവരം അറിയിക്കേണ്ടതാണ് | 1-12 |
| 19 | അനധികൃത കെട്ടിങ്ങൾ - നിയമപരമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ് | 1-13 |
| 20 | ജിംനേഷ്യങ്ങൾക്ക് ലൈസൻസും വസ്തു നികുതിയും ഈടാക്കുന്നില്ല | 1-14 |
| 21 | ക്വാറികൾക്ക് ലൈസൻസ് അനുവദിക്കുമ്പോൾ കോർപ്പറേറ്റ് സാമൂഹിക ഉത്തരവാദിത്തം നടപ്പിലാക്കുന്നുണ്ടെന്ന് ഗ്രാമ പഞ്ചായത്ത് ഉറപ്പ് വരുത്തേണ്ടതാണ് | 1-15 |
| 22 | തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ് | 1-16 |
| 23 | സ്പിൽ ഓവർ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടില്ല | 1-17 |
| 24 | എം.സി എഫിൽനിന്നും അജൈവ മാലിന്യങ്ങൾ നീക്കം ചെയ്യൽ- ആദായ നികുതി ഈടാക്കിയിട്ടില്ല | 1-18 |
| 25 | എ.ബി.സി പദ്ധതി വിഹിതം നൽകൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-19 |
| 26 | ഭരണസമിതിയോഗമിനിടുസ്- പൂർത്തീകരണം സമയപരിധി പാലിക്കുന്നില്ല | 1-20 |
| 27 | ഇ.ടെണ്ടർ ഫീ തുക തനതുഫണ്ടിൽ വരവു വയ്ക്കണ്ടതാണ്. | 1-21 |
| 28 | ടേക്ക് എ ബ്രേക്ക് -പ്രവർത്തനക്ഷമമാക്കേണ്ടതാണ് | 1-22 |
| 29 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം | 1-23 |
| 30 | അധ്യാപക പരിശിലനത്തിനുള്ള പ്രൊജക്ട് നടപ്പാക്കിയത് ക്രമപ്രകാരമല്ല | 1-24 |
| 31 | തുല്യത പദ്ധതി-പഠിതാക്കളുടെ വാർഷികവരുമാനം ഉറപ്പുവരുത്തിയിട്ടില്ല. | 1-25 |
| 32 | സഹവാസ ക്യാമ്പ്-പദ്ധതി - സബ്സിഡി മാർഗ്ഗരേഖകളുടെ ലംഘനം | 1-26 |
| 33 | പ്രഭാത ഭക്ഷണ പ്രൊജക്ടുകൾ- സ്പോൺസർഷിപ്പിലുടെ വിഭവ സമാഹരണം നടത്തണം | 1-27 |
| 34 | എസ്.എസ്.കെ വിഹിതം -ഗ്രാമ പഞ്ചായത്ത് പരിധിയിലെ വിദ്യാലങ്ങളിൽ നടപ്പാക്കിയ പ്രവർത്തനങ്ങൾ- വിശദാംശങ്ങൾ ലഭ്യമാക്കുണം | 1-28 |
| 35 | ഹരിത കർമ്മ സേന വാഹനം- ഡീസൽ ചെലവ് -രേഖകൾ ഹാജരാക്കിയില്ല- തുക തടസ്സപ്പെടുത്തുന്നു | 1-29 |

| | | |
|---|---|---|
| 36 | ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ -കേരളത്തിലെ മാലിന്യസംസ്ക്കരണം ഹരിതകർമ്മസേനയിലൂടെ-പ്രവർത്തനാവലോകനം | 1-30 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ. | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിശദാംശങ്ങൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്ക്- സംക്ഷിപ്തം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കരിമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെ സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2024 തീയതി പ്രകാരമുള്ള ആ ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകO അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 28.06.2024 തീയതിയിലെ 1/1 തീരുമാനം പ്രകാരം അംഗീകരിച്ച് 28.06.2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നില 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ ചട്ടങ്ങൾ, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ച വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷ ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉ ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകക പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുക വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുന്ന ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെ അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റ വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെ അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അര വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കരിമ്പുഴ ( പഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2024ൽ അവസാ സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024ലെ സാമ്പത്തിക നിലയുടെ സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : പാലക്കാട്,<br>
തീയതി : 19-10-2024.

ഡെപ്യൂട്ടി ഡയറക

## 1-1-1 അക്കൗണ്ടിങ്ങ് ചട്ടങ്ങൾ പ്രകാരമുളള എല്ലാ പത്രികകളും വാർഷിക കണക്കിനൊപ്പം സമർപ്പിച്ചിട്ടില്ല

അക്കൗണ്ടിങ്ങ് ചട്ടങ്ങൾ പ്രകാരമുളള എല്ലാ പത്രികകളും വാർഷിക കണക്കിനൊ സമർപ്പിച്ചിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരം താഴെപ്പറയുന്നവ വാർഷിക ധനക പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

എ) ചട്ടം 62 ഇ – അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ – പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങ കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ തുടങ്ങിയവ

ബി) ചട്ടം 62 എഫ് – അടിസ്ഥാന അനുപാതങ്ങൾ

## 1-1-2 ബ്ലോക്ക് പഞ്ചായത്ത് വിഹിതം - ചെലവ് തുക പൊരുത്തപ്പെടുന്നില്ല

Contributions Towards Joint Venture Projects- From Block Panchayats എന്ന ശീർഷകത്തിൽ 1,171,930.00 രൂപ Revenue Grants, Contributions & Compensation) ചെലവഴിച്ചിട്ടുണ്ട്. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥ സുലേഖ ചെലവ് പത്രിക പ്രകാരം **817930** രൂപയാണ് ചെലവ് കാണുന്നത് 354000 രൂപ വ്യത്യാ കാണുന്നു.

## 1-1-3 ശുചിത്വ മിഷൻ ഗ്രാന്റ് ചെലവ് തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

ശുചിത്വ മിഷൻ ഗ്രാന്റിന്റെ രജിസ്റ്റർ പ്രകാരമുള്ള ചെലവ് തുക വാർഷിക കണക്കുമ പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| രജിസ്റ്റർ പ്രകാരം | | | | | വാർഷിക കണക്കു പ്രകാരം | | | | |
|---|---|---|---|---|---|---|---|---|---|
| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് | മുന്നിരിപ്പ് | വരവ് RP 30(R) | ആകെ | ചെലവ് I-6 | നീക്കിയിരുപ്പ് B 4 |
| 2373033 | 64659 | 2437692 | 10600 | 2427092 | 2373033 | 64659 | 301962 | 9600 | 2428092 |

## 1-1-4 ഡെപ്പോസിറ്റ് തുകകൾ - വരവ്, തിരികെ നൽകിയത് എന്നിവ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയ വിവിധ ഡെപ്പോസിറ്റ് തുകകളുടെ വരവ് ചെ നീക്കിയിരുപ്പ് എന്നിവ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചു ചേർക്കുന്നു.

| ഇനം | രജിസ്റ്റർ പ്രകാരം | | | | വാർഷിക കണക്ക് പ്രകാരം | | | |
|---|---|---|---|---|---|---|---|---|
| | മുന്നിരിപ്പ് | വരവ് | തിരികെ നൽകിയത് | നീക്കി യിരുപ്പ് | മുന്നിരിപ്പ് | വരവ് RP 33(R) | തിരികെ നൽകിയത് RP 33(P) | നീക്കി യിരുപ്പ് B 7 |
| Bidders EMD | 5269 | 4000 | 1000 | 8269 | 5269 | 3000 | 0 | 8269 |
| Suppliers' EMD | 31540 | 3950 | 20950 | 14540 | 31540 | 0 | 20950 | 14540 |
| Contractors Retention | 136528 | 109142 | 58695 | 186975 | 136528 | 95974 | 58695 | 186975 |

## 1-1-5 CFC ഗ്രാന്റ്- റവന്യൂ, മൂലധന ചെലവുകളിൽ ഒരേ തുകകൾ തന്നെ ചേർത്തിരിക്കുന്നു

സെൻട്രൽഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied Bank) റവന്യൂ ചെലവിലും (I-6) മൂലധന ചെലവിലും ഒരേ തുക തന്നെ (2690881 രൂപ) ചെലവായി രേഖപ്പെടുത്തിയിരിക്കുന്നു.

## 1-1-6 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - അപാകത

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2023-24 കാലയളവിലെ "Net Increase/Decrease In Cash And Cash Equival ആയി രേഖപ്പെടുത്തിയിരിക്കുന്നത് 13784676 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 202 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" അ രേഖപ്പെടുത്തിയിരിക്കുന്നത് 2185444 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേ പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും ഗ്രാമപഞ്ചായത്ത് സമർ സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-2 ബജറ്റ്

20.03.2023 തിയതിയിലെ തീരുമാനം 1 (1) നം. പ്രകാരം 2023-24 വർഷത്തെ ബജറ്റ് അംഗീകര 23.01.2024 ലെ 7(2)നം. തീരുമാന പ്രകാരം പുതുക്കിയ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ ബ പ്രകാരമുള്ള വരവ് ചെലവുകൾ ചുവടെ ചേർക്കുന്നു

| ഇനം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|
| മുന്നിരിപ്പ് | 21691864.00 രൂപ |
| വരവ് | 418570732.00 രൂപ |
| ആകെ | 440262596.00 രൂപ |

| | |
|---|---|
| ചെലവ് | 432757136.00 രൂപ |
| നീക്കിയിരുപ്പ് | 7505460.00 രൂപ |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 21734357.00 രൂപ |
| വരവ് | 68927754.00 രൂപ |
| ആകെ | 90662111.00 രൂപ |
| ചെലവ് | 55143078.00 രൂപ |
| നീക്കിയിരിപ്പ് | 35519033.00 രൂപ |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ്/ അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 22069000 | 22069000 | 19,322,627 | 2746373 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 8584000 | 8584000 | 5960109 | 2623891 |
| മെയിന്റനൻസ്, ഗ്രാന്റ് റോഡ് | 0 | 17921000 | 17921000 | 10018102 | 7902898 |
| മെയിന്റനൻസ്ഗ്രാന്റ് നോൺ-റോഡ് | 0 | 4363400 | 4363400 | 4362165 | 1235 |
| സെൻട്രൽഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied Bank) | 5,122,802 | 2741000 | 7863802 | 2690881 | 5,172,921 |
| സെൻട്രൽഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Un Tied Bank) | 752,400 | 3831779** | 4584179 | 3049037 | 1,535,142 ** |

* അലോട്ട്മെന്റ് പ്രകാരമുള്ള 3654000 രൂപയും 177779 രൂപ പലിശയും ഉൾപ്പെടെയുള്ള തുക
** സി.എഫ്.സി ഗ്രാന്റ് നീക്കിയിരുപ്പ് ബി-17 ഷെഡ്യൂൾ പ്രകാരം 6812997 രൂപയാണ് വ( ബില്ലുകളിൽനിന്നും കുറവ് ചെയ്ത 104934 രൂപ കൂടി ഉൾപ്പെടെയാണ് ബാങ്ക് നീക്കിയിരുപ്പ്

**കേന്ദ്രാവിഷ്കൃതം**

| ഫണ്ടിനം | മുന്നിരിപ്പ് | വരവ്/ അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ് /ലാപ്സായ തുക |
|---|---|---|---|---|---|
| ശുചിത്വ മിഷൻ TSC | 2,373,033 | 64,659 | 2437692 | 9,600 | 2,428,092 |
| ഹെൽത്ത് ഗ്രാന്റ്(Diagnostic Infrastructure) | 13,547 | 1,056,047 | 1069594 | 478,656 | 590,938 |
| ഹെൽത്ത് ഗ്രാന്റ്(Wellness Centres) | 210,780 | 439,310 | 650090 | 392816 | 257,274 |
| ഹെൽത്ത് ഗ്രാന്റ്(Towards Buildingless Sub Centres, PHC& CHC's) | 0 | 8,416,501 | 8,416,501 | 0 | 8,416,501 |
| തൊഴിലുറപ്പ് പദ്ധതി | 4987 | 46079440 | 46084427 | 44908227 | 1176200 |
| ICDS | 2,339,323 | 1,187,779 | 3527102 | 699,658 | 2,827,444 |

സംസ്ഥാനാവിഷ്കൃത പദ്ധതികൾ

| ഫണ്ടിനം | മുന്നിരിപ്പ് | വരവ്/ അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ് /ലാപ്സായ തുക |
|---|---|---|---|---|---|
| സാക്ഷരത | 0 | 9076 | 9076 | 9076 | 0 |

പ്രത്യേക ഉദ്ദേശഗ്രാന്റ്

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| നാഷണൽ ആയുഷ് മിഷൻ ആയുർവേദം | 500,000 | 0 | 500,000 | 0 | 500,000 |
| ലൈഫ് ഭവനം സംസ്ഥാന വിഹിതം | 80000 | 2,800,000 | 2880000 | 1800000 | 1,080,000 |
| PYKAKA | 4,000 | 0 | 4,000 | 0 | 4,000 |
| BRGF | 3,709 | 0 | 3,709 | 0 | 3,709 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്ന

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 291 | 146003789 | 185 | 61959485 | 106 | 63.57 |

പ്രൊജക്ടുകളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പുവരുത്തേണ്ടതാണ്.

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിശദാംശങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 5 | 5 | 2869326 | 2217966 | 77.30 |
| വെറ്ററിനറി സർജ്ജൻ | 6 | 4 | 4369800 | 1590000 | 36.39 |
| മെഡിക്കൽ ഓഫീസർ- CHC | 14 | 11 | 7687005 | 5926031 | 77.09 |
| മെഡിക്കൽ ഓഫീസർ ആയുർവേദം | 2 | 2 | 825000 | 825000 | 100 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 20 | 15 | 38225294 | 8559171 | 22.39 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7 | 7 | 7594859 | 5259214 | 69.25 |
| സെക്രട്ടറി | 50 | 26 | 16661840 | 8209268 | 49.27 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 172 | 102 | 61937133 | 24393235 | 79.25 |
| ഹെഡ് മാസ്റ്റർ | 9 | 7 | 2940434 | 2330409 | 39.38 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 1075000 | 1075000 | 100 |
| അസിസ്റ്റന്റ് സെക്രട്ടറി | 5 | 5 | 1818098 | 1574191 | 86.58 |
| ആകെ | 291 | 185 | 146003789 | 61959485 | 42.44 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 4,987 | 1,171,213 | 1176200 | 0 | 1,176,200 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 44908227 | 44908227 | 44908227 | 0 |
| ആകെ | 4987 | 46079440 | 46084427 | 44908227 | 1176200* |

* B 17 ഷെഡ്യൂൾ പ്രകാരം 1244511 രൂപയാണ് ബാങ്ക് നീക്കിയിരുപ്പ് ഉള്ളത് 68311 രൂപ മുൻവർഷ സാധനങ്ങളുടെ വാടക തിരികെ ലഭിച്ചത് കൂടി ചേർത്തതാണ് 1244511 രൂപ നീക്കിയിരു ഉൾപ്പെടുത്തിയിട്ടുള്ളത്

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളടെ വിശദാംശങ്ങൾ ത കൊടുക്കുന്നു.

| ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 6,931,000 | 596 |
| വിധവാ പെൻഷൻ | 16,949,300 | 1549 |
| വാർദ്ധക്യകാല പെൻഷൻ | 24,060,300 | 2395 |
| വികലാംഗ പെൻഷൻ | 5,268,100 | 481 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 1,541,200 | 138 |
| സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 60,000 | 2 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാല പരിശോധന 05-08-2024 തീയതിയിൽ 3.35 P.M.ന് സ്ഥാപനത്തിലെ അക്കൗണ്ടന്റിന സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2795/- (രണ്ടായിരത്തി എഴുനൂറ്റി തൊ അഞ്ച്) രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഓഫീസ് ഉത്തരവു പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം തൃപ്തികരമായ രീതിയ നടത്തിയിട്ടുണ്ട്. രേഖകളും രജിസ്റ്ററുകളും യഥാവിധി സൂക്ഷിക്കുന്നുണ്ട്. പൂർണ്ണമാ ഐ.എൽ.ജി.എം.എസ്സിലൂടെ മെച്ചപ്പെട്ട സേവനങ്ങൾ നല്കിവരുന്നു. പദ്ധതിവിഹിതം, ഇ ഗ്രാന്റുകൾ എന്നിവയുടെ ചെലവുകൾ ഊർജ്ജിതമാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. സംയോ പ്രോജക്റ്റുകൾ നടപ്പാക്കുന്നതിൽ പ്രത്യേക ശ്രദ്ധ നല്കേണ്ടതും മോണിറ്ററിംഗ് കാര്യ മാക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ കൈകാര്യം ചെയ്യുന്ന മുഴുവൻ വിഷയങ്ങളെ അടിസ്ഥാനമാക്കി വിവിധ ഉത്തരവാദിത്തങ്ങൾ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകളില ഏൽപിച്ചിട്ടുണ്ട്.

അക്കൗണ്ടിംഗ് റൂൾസ് പ്രകാരം സൂക്ഷിക്കേണ്ട എല്ലാ രജിസ്റ്ററുകളും രേഖകളും സ്ഥാപനത്ത സൂക്ഷിച്ചിട്ടുണ്ട്.

എല്ലാ പേമെന്റുകളും ശരിയായ രീതിയിൽ വൗച്ചർ ചെയ്യപ്പെടുന്നുണ്ട്. വൗച്ചറിനോടൊ ഒറിജിനൽ ബില്ലുകൾ സൂക്ഷിക്കുന്നുണ്ട്. ബുക്ക് ഓഫ് അക്കൗണ്ട്സും ബാങ്ക് ബാലൻസും തമ്മ മാസാന്ത്യ/വർഷാന്ത്യ റീകൺസീലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്.

സകർമ്മ ആപ്ലിക്കേഷൻ മുഖേനയുള്ള ഭരണസമിതിയോഗങ്ങളുടെ നടപടിക്രമ പരിശോധിച്ചതിൽ മിനിട്ട്സ് പൂർത്തീകരിക്കുന്നതിൽ 1995-ലെ കേരള പഞ്ചായത്ത്

(പഞ്ചായത്തിന്റെ യോഗ നടപടിക്രമം ചട്ടങ്ങളിലെ) ചട്ടം 26 പ്രകാരമുള്ള സമയപര പാലിക്കുന്നില്ല. ചട്ടം 26(8) പ്രകാരം യോഗം കഴിഞ്ഞ് മൂന്നുദിവസത്തിനകം സെക്രട്ടറി മിനി തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ മിനി തയ്യാറാക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നുണ്ട്. മിനിട്ട്സ് തയ്യാറാക്കി അയച്ച ദിവസം ത പ്രസിഡന്റ് അംഗീകരിച്ചിട്ടുണ്ട്. കൂടാതെ സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണ സമിതി യോഗങ്ങള മിനിട്ട്സുകൾ പൂർത്തീകരിക്കാത്തതായി കാണുന്നു. യോഗമിനുട്ട്സുകൾ ചട്ടപ്രകാരമ സമയപരിധിക്കുള്ളിൽ തയ്യാറാക്കി അംഗീകാരം ലഭ്യമാക്കി ക്ലോസ് ചെയ്യേണ്ടതാണ്.

പദ്ധതി നടത്തിപ്പ് കാര്യക്ഷമത ഉറപ്പു വരുത്തേണ്ടതാണ്. കൃത്യമായ ആസൂത്രണത്തിന്റെ നിർവ്വഹണ ഉദ്യോഗസ്ഥരുടെ സമയബന്ധിതമായ ഇടപെടലിന്റെയും അഭാവത്തിൽ 2023-24 വർ അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിന് വകയിരുത്തിയ ₹146003789 യിൽ ₹6195 മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.
പൊതുമരാമത്ത് പ്രവൃത്തികളുടെ പ്രവർത്തനങ്ങൾ കേരള പഞ്ചായത്ത് രാജ് (പൊതുമരാമ പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ പ്രകാരം ആണെന്നുറപ്പുവരുത്തേണ്ടതും സമയബന്ധിത പൂർത്തീകരണം ഉറപ്പാക്കേണ്ടതുമാണ്. ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതു തൃപ്തികരമാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

13.05.2011 മുതൽ 25.05.2011 വരെ നടന്ന അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 2006-07 മുതൽ 2010-11 വർഷം വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. 23.12.2022 തീയതിയിൽ നടന്ന പെർഫോമൻ ഓഡിറ്റിൽ ഒക്ടോബർ/22, നവംബർ/22 എന്നീ മാസങ്ങൾ വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. ഗുരുതരമായ ക്രമക്കേടുകളൊന്നും മുൻ റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടില്ല. പൊതുവായ പരാമർശങ്ങൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

## 1-11 പഞ്ചായത്തിന്റെ അനുമതി ഇല്ലാതെ ടർഫ് പ്രവർത്തിക്കുന്നു - വരുമാന നഷ്ട

ഗ്രാമ പഞ്ചായത്തുകളിലും നഗരസഭകളിലും വസ്തുനികുതി 01.04.2023 പ്രാബല്യത്തിൽ പുതു നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സ.ഉ(കൈ) നം.77/2023/LSGD തീയതി- 22.03. പ്രകാരവും 05.04.2023 -ലെ സ.ഉ (അച്ചടി) നം.25/2023/LSGD നമ്പർ ഉത്തരവു പ്രകാരം ( പഞ്ചായത്തിലെ കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിനനുസരിച്ചുള്ള വസ്തുനികുതി നിരക്കുകള പട്ടികയും പുറപ്പെടുവിച്ചിട്ടുണ്ട്.

കരിമ്പുഴ ഗ്രാമ പഞ്ചായത്തിന്റെ 24.04.2023 ലെ തീരുമാനം നം.1/1 പ്രകാരം മേ ഉത്തരവുകൾക്കനുസൃതമായി കെട്ടിടങ്ങളെ ഉപയോഗക്രമം/തറവിസ്തീർ എന്നിവയ്ക്കനുസൃതമായി വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ച് അംഗീകരിക്കുകയും 16.06. തീയതിയിലെ എ3-2989/23 പ്രകാരം വിജ്ഞാപനം ചെയ്യുകയും ചെയ്തിട്ടുണ്ട്.

മേൽ വിജ്ഞാപന പ്രകാരം ഗ്രാമ പഞ്ചായത്ത് പ്രദേശത്തുള്ള സ്വിമ്മിംഗ് പൂളുകൾ, ജിംനേഷ്യങ ടർഫുകൾ (ഫീസ് നൽകി പൊതുജനങ്ങൾക്ക് പ്രവേശിക്കാവുന്നവ/വാണിജ്യ സ്വഭാവത്തേ കൂടിയവ) തുടങ്ങിയവയ്ക്ക് ചതുരശ്ര മീറ്ററിന് 30 രൂപ നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ 20 വർഷത്തെ വസ്തു നികുതി നിർണ്ണയ വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ പരിശോധിച്ചത ഈ ഉപയോഗക്രമത്തിലുള്ള യാതൊരു സ്ഥാപനങ്ങൾക്ക് നമ്പർ നല്കുകയോ വസ്തു നികുതിയ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

ഓഡിറ്റ് ടീം ഗ്രാമ പഞ്ചായത്ത് ഉദ്യോഗസ്ഥന്റെയും, എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിഭ ഉദ്യോഗസ്ഥരുടെയും സാന്നിദ്ധ്യത്തിൽ 12-08-2024 തീയതിയിൽ നടത്തിയ സ്ഥലപരിശോധനയ ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിന്നും അര കിലോമീറ്റർ ചുറ്റളവിനുള്ളിൽ 13-ാം വാർഡിൽ പ്ര മേഖലയിൽ 5 മീറ്ററിലധികം വീതിയുള്ള പി.ഡബ്ല്യൂ.ഡി റോഡ് പ്രവേശന മാർഗ്ഗമായുള്ള സ്ഥല **'റിവർ വ്യൂ ടർഫ്'** എന്ന സ്ഥാപനം പ്രവർത്തിക്കുന്നതായി ബോധ്യപ്പെട്ടു. ചിത്രം താഴെ ചേർക്കു





ടർഫ് സ്ഥിതി ചെയ്യുന്ന ഭാഗത്തിന് 800 ച.മീ തറ വിസ്തീർണ്ണവും അനുബന്ധ ഓഫീസ് കെട്ടിടത്ത 21.825 ച.മീ തറ വിസ്തീർണ്ണവും ഉള്ളതായി അളന്ന് തിട്ടപ്പെടുത്തി ബോധ്യപ്പെട്ടു.

നിയമാനുസൃതമായി ടർഫ് നിർമ്മിച്ചിരുന്നു എങ്കിൽ ബാധകമായ വസ്തുനികുതിയുടെ വിവ താഴെ ചേർക്കുന്നു

| **നികുതി നിർണ്ണയ വിവരങ്ങൾ** | **നികുതി നിർണയിക്കേണ്ടത്** |
|---|---|
| അടിസ്ഥാന വസ്തുനികുതി | 800ച.മീ @30 = 24000 |
| മേഖല – പ്രഥമം | വർദ്ധനവ് / ഇളവ് ഇല്ല |
| വഴി സൗകര്യം - 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗം (കരിപ്പമണ്ണ -ആറ്റാശ്ശേരി റോഡ്) | 20% വർദ്ധനവ് = 4800 |
| നികുതി | 28800/- |
| ലൈബ്രറി സെസ് 5% | (+) 1440/- |
| **ആകെ** | **30,240/-** |

ഓഡിറ്റ് അന്വേഷണം നം.22/13-08-24 ന്റെ മറുപടിയിൽ റിവർ വ്യൂ ടർഫ് എന്ന സ്ഥാപ നിർമ്മിക്കുന്നതിനോ പ്രവർത്തിക്കുന്നതിനോ അനുമതി നൽകിയിട്ടില്ലാത്തതാണ് എന്ന് ഗ്ര പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ സെക്ഷൻ 235 പ്രകാരം, നമ്പർ നൽകാൻ കഴിയാ അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങൾക്ക്, 2011 ലെ കേരളാ പഞ്ചായത്ത് രാജ് (വസ്തുനികുതി സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20(2) പ്രകാരം യു.എ നമ്പർ നൽ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. പഞ്ചായത്തിന്റെ അനുമതിയില്ലാതെ നിർമ്മ പൂർത്തീകരിച്ച പ്രസ്തുത കെട്ടിടങ്ങൾ ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുന്ന പക്ഷ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235-AA പ്രകാരം, ഏതെങ്കിലും കെട്ട നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ, ഏതെങ്കിലും ആവശ്യത്ത ഉപയോഗപ്പെടുത്തുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത്, ആ തീയതി മുതൽ ആ കെട്ട

പൊളിച്ചുമാറ്റുന്ന തീയതി വരെയോ നിയമാനുസൃതമായി കെട്ടിടം ക്രമവൽക്കരിക്കുന്ന തീ
വരെയോ പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നതെങ്കിൽ കൊടുക്കേ
വരുമായിരുന്ന വസ്തു നികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്ന
തുക, അപ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന്റെ വസ്തു നികുതിയ
നൽകുവാൻ ഉടമസ്ഥൻ ബാദ്ധ്യസ്ഥനാണ്.

**പഞ്ചായത്തിന്റെ അനുമതിയോടു കൂടിയല്ല ടർഫ് നിർമ്മാണം നടത്തിയിട്ടുള്ളത് എങ്ക ബാധകമായ വസ്തുനികുതി താഴെ ചേർക്കുന്നു. :-**

അനധികൃത നിർമ്മാണത്തിന് ബാധകമായ വസ്തുനികുതി= 30240×3= 90,720/- രൂപ

പഞ്ചായത്ത് ഫണ്ടിന് വസ്തു നികുതി ഇനത്തിലെ നഷ്ടം - 86,400/-രൂപ

ലൈബ്രറി സെസ് ഇനത്തിലെ നഷ്ടം (5%) - 4,320/- രൂപ

**ആകെ നഷ്ടം - 86,400 + 4,320= 90,720/- രൂപ**

ടർഫിന്റെ അനുബന്ധ ഓഫീസ് കെട്ടിടത്തിന്റെ നികുതി കൂടി നിശ്ചയിക്കുമ്പോൾ 2023-24 വർ
പഞ്ചായത്തിനുണ്ടായ മേൽ നഷ്ടം വർദ്ധിക്കുന്നതാണ്.

ഓഡിറ്റ് അന്വേഷണം നം.22/13-08-24 ന്റെ മറുപടിയിൽ നിർമ്മാണം ക്രമവത്ക്കരിക്കുന്നതിന
ഉടമസ്ഥന് നോട്ടീസ് നൽകി തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്ര
അറിയിച്ചിട്ടുണ്ട്.

22.03.23-ലെ സ.ഉ(കൈ) നം: 7/2023/തസ്വഭവ ഉത്തരവ് പ്രകാരം തുടർന്നുള്ള ഓരോ വർഷങ്ങളി
വസ്തുനികുതി നിരക്കിൽ 5% വർദ്ധനവ് വരുത്തണം എന്ന സർക്കാർ നിർദ്ദേശം ഉള്ളതിന
തുടർന്നുള്ള ഓരോ വർഷങ്ങളിലും അധിക നഷ്ടം ഉണ്ടാക്കുന്നതാണ്. 2023-24 ലെ വസ്തുനിക
കുടിശ്ശിക സഹിതം ഉടമസ്ഥനിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടത
പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 5.1(8) പ്രകാരം സാമ്പത്ത
വർഷാരംഭത്തിൽ തന്നെ വസ്തുനികുതി സമാഹരിക്കുന്നതിനുള്ള നടപടികൾ തദ്ദേശഭ
സ്ഥാപനങ്ങൾ ആരംഭിക്കേണ്ടതും ഈ പ്രവർത്തനങ്ങൾക്ക് അസിസ്റ്റന്റ് സെക്രട്ടറി നേതൃ
നൽകേണ്ടതാണ് എന്നും വ്യക്തമാക്കിയിട്ടുണ്ട്. കൃത്യമായ ഫീൽഡ് പരിശോധന ഉറപ്പാ
പഞ്ചായത്തിന്റെ വരുമാന ചോർച്ച തടയുന്നതിന് ഇക്കാര്യം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ
ശ്രദ്ധയിൽപ്പെടുത്തുന്നു.

## <u>1-12 വസ്തുനികുതി പരിഷ്ക്കരണം ഫീൽഡ്തല പരിശോധന – പുരോഗതി വിവരം അറിയിക്കേണ്ടതാണ്</u>

22.03.2023-ലെ സ.ഉ.(കൈ)നം. 77/2023/തസ്വഭവ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളി
നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിന
മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തുകൾ ഫീൽഡ് പരിശോധന നട
അനധികൃത നിർമ്മാണങ്ങൾ, അസസ്മെന്റ് രജിസ്റ്ററിലുള്ളതിനേക്കാൾ വിസ്തീർണത്ത
വ്യത്യാസമുള്ള കെട്ടിടങ്ങൾ, ഉപയോഗക്രമത്തിൽ മാറ്റം വരുത്തിയ കെട്ടിടങ്ങൾ,
സൗകര്യത്തിൽ വന്ന വ്യത്യാസങ്ങൾ എന്നിവ കണ്ടെത്തേണ്ടതും അത്തരം മാറ്റം വന്ന കാലം മു
പ്രാബല്യത്തിൽ നികുതി പുനർ നിർണ്ണയിക്കേണ്ടതുമാണ്.

സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി ഫീൽഡ്തല പരിശോധന, ഡാറ്റാ എൻട്രി എന
സംബന്ധിച്ച് നിലവിലെ സ്ഥിതിവിവരം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തി
(നം.29/14-08-24) മറുപടിയിൽ സെക്രട്ടറി താഴെ പറയും പ്രകാരം മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

സർക്കാർ നിർദ്ദേശാനുസരണം ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ സ്വീകരിച്ച് യോഗ്യതയ
ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതിനും പ്രവർത്തനങ്ങൾക്ക് വ്യക്തിക
ചുമതലപ്പെടുത്തുന്നതിനും വിജ്ഞാപനം ചെയ്തെങ്കിലും വേതനം കുറവായതിനാൽ തയ്യാറാ
പേർ 346 കെട്ടിടങ്ങളുടെ വിവരശേഖരണം നടത്തിയ ശേഷം നിർത്തലാക്കി. സാങ്കേ
വിദ്യാഭ്യാസ വകുപ്പിന്റെ ആർ.ഐ സെന്ററുമായി ബന്ധപ്പെട്ട് ലിസ്റ്റ് ലഭ്യമാക്കിയതിൽ
വ്യക്തിയാണ് തയ്യാറായിട്ടുള്ളത് ആയതു പ്രകാരം 725 കെട്ടിടങ്ങളുടെ വിവരശേഖര
നടത്തിയിട്ടുണ്ട്. 06-06-24 ലെ കോർഡിനേഷൻ കമ്മിറ്റിയുടെ തീരുമാന പ്രക
വിവരശേഖരണത്തിനുള്ള വേതനം വർദ്ധിപ്പിച്ചിട്ട് ഉത്തരവാകുന്ന സാഹചര്യത്തിൽ കൂടു
വ്യക്തികളെ നിയമിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മാത്ര
സഞ്ചയ സോഫ്റ്റ്‌വെയറിൽ നിലവിൽ ശേഖരിച്ച ഡാറ്റാ എൻട്രി നടത്തുന്നതിനുള്ള സംവിധ
ഏർപ്പെടുത്തിയിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്. വിവരശേഖരണം നടത്തിയവയുടെ ഡാറ്റാ എ
നടത്തുന്നതിന് ഐ.കെ.എം - മായി ബന്ധപ്പെട്ട് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ട
വാർഡ് തല വിവരശേഖരണ പുരോഗതി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-13 അനധികൃത കെട്ടിങ്ങൾ - നിയമപരമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ സെക്ഷൻ 235ഡബ്ലിയു പ്രകാരം നിയമവിരുദ്ധമ ആരംഭിച്ചതോ നടത്തിക്കൊണ്ടിരിക്കുന്നതോ പൂർത്തീകരിച്ചതോ ആയ കെട്ട പൊളിച്ചുകളയുന്നതിനോ മാറ്റം വരുത്തുന്നതിനോ സെക്രട്ടറിര അധികാരമുണ്ടായിരിക്കുന്നതാണ്. സെക്ഷൻ 235എഎ(1) പ്രകാരം നിയമാനുസൃതമല്ലാത്ത കെട്ട നിർമ്മാണം പൂർത്തിയാക്കുകയോ 203(2) പറയുന്ന പ്രകാരമുള്ള ഏതെങ്കിലും ആവശ്യത്ത ഉപയോഗപ്പെടുത്തുകയോ ചെയ്താൽ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മു കെട്ടിടം പൊളിച്ചു മാറ്റുകയോ ക്രമവൽക്കരിക്കുകയോ ചെയ്യുന്ന തീയതി വരെ കെട്ട നിയമാനുസൃതം നിർമ്മിച്ചതാണെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തുനികുതി അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർത്തുള്ള തുക ഈടാക്കാവുന്നതാണ്.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ ചട്ടങ്ങൾ, ചട്ടം 20 പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് 'യു.എ' കെ നമ്പർ അനുവദിക്കേണ്ടതാണെന്നും ഇപ്രകാരം കെട്ടിട നമ്പർ അനുവദിക്കുന്നത് കേരള പഞ്ചായ രാജ് നിയമം 235എഎ വകുപ്പ് പ്രകാരം വസ്തുനികുതി നിർണ്ണയിക്കുന്നതിനുവേണ്ടി മാ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണെന്നും എന്നാൽ കെട്ടിടത്തിന്റെ ഉടമസ്ഥനെതിരെ 235 ഡബ്ലിയു വ പ്രകാരമുള്ള നടപടിയെടുക്കുന്നതിന് ഇത് തടസ്സമല്ലാത്തതും കെട്ടിടം പൊളിച്ചു മാറ്റുന്നതു ഇപ്രകാരം വസ്തുനികുതി ഈടാക്കാവുന്നതുമാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം യു.എ നമ്പർ അനുവദിച്ച കെട്ടിടങ്ങളുടെ വിവരം ത ചേർക്കുന്നു

| ക്രമ നം. | കെട്ടിടത്തിന്റെ നം./യു.എ നമ്പർ നൽകിയ വർഷം | വാർഡ് നം. |
|---|---|---|
| 1 | UA 190 / UA (2014) | 1 |
| 2 | UA 112 / UA (2014) | 2 |
| 3 | UA 201 / A (2016) | 2 |
| 4 | UA 87 / A (2016) | 3 |
| 5 | UA 94 / UA (2013) | 4 |
| 6 | UA 193 / UA (2013) | 6 |
| 7 | UA 227 / UA (2013) | 6 |
| 8 | UA 293 / UA (2013) | 6 |
| 9 | UA 288 / UA (2013) | 7 |
| 10 | UA 298 / UA (2013) | 11 |
| 11 | UA 471 / UA (2013) | 11 |
| 12 | UA 64 / UA (2021) | 12 |
| 13 | UA 71 / UA (2013) | 12 |
| 14 | UA 79 / UA (2014) | 12 |
| 15 | UA 80 / UA (2012) | 12 |
| 16 | UA 288 / UA (2021) | 12 |
| 17 | UA 343 / UA (2013) | 12 |
| 18 | UA 433 / UA (2013) | 12 |
| 19 | UA 270 / UA (2013) | 14 |
| 20 | UA 281 / UA (2012) | 14 |
| 21 | UA 283 / UA (2021) | 14 |
| 22 | UA 302 / UA (2014) | 14 |
| 23 | UA 16 / UA (2015) | 15 |
| 24 | UA 205 / UA (2022) | 16 |
| 25 | UA 224 / UA (2014) | 16 |
| 26 | UA 458 / UA (2013) | 16 |

മേൽ പട്ടികയിലെ 90 ശതമാനം കെട്ടിടങ്ങൾക്കും യു.എ നമ്പർ നൽകി വർഷങ്ങള വസ്തുനികുതി ഈടാക്കി വരുന്നു. പട്ടികയിലെ അനധികൃത നിർമ്മാണ ക്രമവത്ക്കരിക്കുകയോ മറ്റു നിയമപരമായ തുടർ നടപടികൾ സ്വീകരിക്കുക ചെയ്തിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തി മറുപടിയിൽ (നം.12/09-08-24) കെട്ടിടങ്ങളെല്ലാം തന്നെ വാസഗൃഹം ഗണത്തിൽ ഉൾപ്പെടുന്നവ ഭൂനികുതി അടവാക്കാൻ കഴിയാത്തത്, നിലം വിഭാഗത്തിൽ ഉൾപ്പെടുന്നത് എന്നിവയുമാണെ

അറിയിച്ചിട്ടുണ്ട്. എന്നിരുന്നാലും കെട്ടിട നിർമ്മാണം ക്രമവത്ക്കരിക്കുന്നതിന് നിർദേ നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. സ്വീകരിച്ച തുടർ നടപടികളുടെ വി( അറിയിക്കേണ്ടതാണ്.

## 1-14 ജിംനേഷ്യങ്ങൾക്ക് ലൈസൻസും വസ്തു നികുതിയും ഈടാക്കുന്നില്ല

ഗ്രാമ പഞ്ചായത്തുകളിലും നഗരസഭകളിലും വസ്തുനികുതി 01.04.2023 പ്രാബല്യത്തിൽ പുതു നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ ഉത്തരവ് സ.ഉ(കൈ) നം.77/2023/L തീയതി- 22.03.2023 പ്രകാരവും 05.04.2023 -ലെ സ.ഉ (അച്ചടി) നം.25/2023/LSGD നമ്പർ ഉത്തരവു പ്രക ഗ്രാമ പഞ്ചായത്തിലെ കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിനനുസരിച്ചുള്ള വസ്തുനിക നിരക്കുകളുടെ പട്ടികയും പുറപ്പെടുവിച്ചിട്ടുണ്ട്. വസ്തു നികുതി നിർണ്ണയ വിവരങ്ങൾ, ലൈസ( രജിസ്റ്റർ, ട്രെയിഡേഴ്സ് ലിസ്റ്റ് എന്നിവ പരിശോധിച്ചപ്പോൾ ജിംനേഷ്യങ്ങൾക്ക് ലൈസൻസും വ നികുതിയും ഈടാക്കുന്നില്ലായെന്ന് കണ്ടു. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

**ജിംനേഷ്യങ്ങൾക്ക് ചട്ടപ്രകാരമുള്ള ലൈസൻസ് ഉറപ്പു വരുത്തേണ്ടതാണ്**

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ ജിംനേഷ്യങ്ങളും 1963- ലെ Kerala Public Places Of Resort പ്രകാരമുള്ള ലൈസൻസ് നേടിയിരിക്കേണ്ടത് സംബന്ധിച്ച് ബഹു.കേരള ഹൈക്കോ: പുറപ്പെടുവിച്ച 11/07/2022 ലെ വിധിന്യായത്തിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ത.സ്വ. -ന്റെ എൽ.എസ്.ജി.ഡി -ആർ ഡി 1/47/2022, 01.8.2022 നമ്പർ സർക്കുലർ പ്രകാരം താഴെ പറയ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

1. സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും അതാത് അധികാരപരിധിയിൽ ലെ Kerala Public Places Of Resort Act പ്രകാരം ലൈസൻസില്ലാതെ ഏതെങ്കിലും ജിംനേഷ്യ( പ്രവർത്തിക്കുന്നുണ്ടോ എന്ന് കൃത്യമായി കണ്ടെത്തുക

2. പ്രസ്തുത ആക്ട് പ്രകാരമുള്ള ലൈസൻസ് കൂടാതെ പ്രവർത്തിക്കുന്ന ജിംനേഷ്യങ്ങ( മൂന്നുമാസത്തിനുള്ളിൽ ലൈസൻസ് നേടുവാൻ നിർദ്ദേശിച്ചു നോട്ടീസ് നൽകുക

3. നോട്ടീസ് നൽകുന്നതിന് മുൻപോ കൈപ്പറ്റിയ തീയതി മുതൽ മൂന്ന് മാസം വരെയ കാലയളവിലോ ജിംനേഷ്യങ്ങളുടെ പ്രവർത്തനം തടസ്സപ്പെടുത്തുവാൻ പാടുള്ളതല്ല

ട്രെയിഡേഴ്ല് ലിസ്റ്റ്, ലൈസൻസ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ ജിംനേഷ്യങ്ങൾ ഉൾപ്പെട്ടി: ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ 3-ാം വാർഡിൽ '**കോട്ടപ്പുറം ജിം**' എന്ന സ്ഥാ( പ്രവർത്തിക്കുന്നുണ്ടെങ്കിലും മേൽ സർക്കുലറിലെ നിർദ്ദേശങ്ങൾ പ്രകാരം ലൈസ( പരിധിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. മേൽ പറഞ്ഞ സ്ഥാപന( കൂടാതെ പഞ്ചായത്തിൽ പ്രവർത്തിച്ച് വരുന്ന മറ്റു ജിംനേഷ്യങ്ങളെ കണ്ടെത്തുന്നതിന് ഫീ( പരിശോധന നടത്തി തുടർ നടപടികൾ സ്വീകരിച്ച് വിവരം നല്കേണ്ടതാണ്.

**ഫീൽഡ് പരിശോധന നടത്തി ജിംനേഷ്യം സെന്ററുക ഉപയോഗക്രമത്തിനനുസൃതമായ വസ്തുനികുതി പരിധിയിൽ ഉൾപ്പെടുത്തേണ്ടതാണ്**

കരിമ്പുഴ ഗ്രാമ പഞ്ചായത്തിന്റെ 24.04.2023 ലെ തീരുമാനം നം.1/1 പ്രകാരം ( ഉത്തരവുകൾക്കനുസൃതമായി കെട്ടിടങ്ങളെ ഉപയോഗക്രമം/തറവിസ്തീർ( എന്നിവയ്ക്കനുസൃതമായി വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ച് അംഗീകരിക്കുകയും 16.06. തീയതിയിലെ എ3-2989/23 പ്രകാരം വിജ്ഞാപനം ചെയ്യുകയും ചെയ്തിട്ടുണ്ട്.

മേൽ വിജ്ഞാപന പ്രകാരം ഗ്രാമ പഞ്ചായത്ത് പ്രദേശത്തുള്ള സ്വിമ്മിംഗ് പൂളുകൾ, ജിംനേഷ്യ( ടർഫുകൾ (ഫീസ് നൽകി പൊതുജനങ്ങൾക്ക് പ്രവേശിക്കാവുന്നവ/വാണിജ്യ സ്വഭാവതേ കൂടിയവ) തുടങ്ങിയവയ്ക്ക് ചതുരശ്ര മീറ്ററിന് 30 രൂപ നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ 20: വർഷത്തെ വസ്തു നികുതി നിർണ്ണയ വിവരങ്ങൾ സഞ്ചയ സോഫറ്റ്‌വെയറിൽ പരിശോധിച്ച( ഈ ഉപയോഗക്രമത്തിലുള്ള യാതൊരു സ്ഥാപനങ്ങളെയും നമ്പർ ഇടുകയോ വസ്തുനിക ചുമത്തുകയോ ചെയ്തിട്ടില്ല.

ഓഡിറ്റ് ടീം 12-08-2024 തീയതിയിൽ നടത്തിയ സ്ഥലപരിശോധനയിൽ ഗ്രാമ പഞ്ചായത്തിന്റെ വാർഡിൽ പ്രവർത്തിക്കുന്ന '**കോട്ടപ്പുറം ജിം**' എന്ന സ്ഥാപനത്തിന്റെ കെട്ടിട( ഗ്രാമപഞ്ചായത്തിന്റെ മേൽ ഉപയോഗ പ്രകാരം വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കിയി: സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം മേൽ ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങളെ വസ്തുനിക നിർണ്ണയിച്ച് ഡിമാന്റും ചെയ്തിട്ടില്ല.

സ്ഥാപനം പ്രവർത്തിക്കുന്നത് സംബന്ധിച്ച് പഞ്ചായത്തിൽ അപേക്ഷകളൊ( ലഭിച്ചിട്ടില്ലാത്തതാണ്, നോട്ടീസ് നൽകി ലൈസൻസ് അനുവദിക്കുന്നതിനുള്ള നടപടി( സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണത്തിന് മറുപടി നല്കിയിട്ടുണ്ട്. വാർഡ് പരിശോധന നടത്തി ഇത്തരത്തിലുള്ള സ്ഥാപനങ്ങളുടെ ഉപയോഗക്രമത്തിന് അനുസരിച്ച നി( പ്രകാരം വസ്തുനികുതി നിർണ്ണയിച്ച് ഡിമാന്റ് ചെയ്യുന്നതിനുള്ള തുടർ നടപടികൾ സ്വീക(

ഫോറം 6 സഹിതം ഓഡിറ്റിനു മറുപടി ലഭ്യമാക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണം നം.22/13-08-24 )

**1-15 ക്വാറികൾക്ക് ലൈസൻസ് അനുവദിക്കുമ്പോൾ കോർപ്പറേറ്റ് സാമൂഹിക ഉത്തരവാദിത്തം നടപ്പിലാക്കുന്നുണ്ടെന്ന് ഗ്രാമ പഞ്ചായത്ത് ഉറപ്പ് വരുത്തേണ്ടതാ**

കേന്ദ്ര പരിസ്ഥിതി, വന കാലാവസ്ഥ വ്യതിയാന മന്ത്രാലയത്തിന്റെ നോട്ടിഫിക്കേഷൻ നമ്പർ :F.No.22-65/2017-1A.Iii Dated 1.05.2018, OM :F.No.22-65/2017-1A.Iii Dated 30.09.2020 എന്നീ വിജ്ഞാപനങ്ങള അടിസ്ഥാനത്തിൽ സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി **SEIAA- State Environm Impact Authority – 2006 ലെ EIA വിജ്ഞാപനങ്ങളിൽ ഷെഡ്യൂൾ "B" ( Brown Field) വിഭാഗത്ത പെടുന്ന പ്രൊജക്ടുകൾക്ക് പാരിസ്ഥിതിക ക്ലിയറൻസ് നൽകുന്ന കേരള സർക്ക സ്ഥാപനം)** പരിസ്ഥിതി ക്ലിയറൻസ് സർട്ടിഫിക്കറ്റ് അനുവദിക്കുന്ന സ്ഥാപനങ്ങൾ **കോർപ്പ സാമൂഹിക ഉത്തരവാദിത്തം (CSR)** പ്രവർത്തനങ്ങളിൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങ കുറിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ വിജ്ഞാപനത്തിലെ **പ്രധ നിർദ്ദേശങ്ങൾ** ചുവടെ ചേർക്കുന്നു.

1. ക്വാറിയുടെ സി.എസ്.ആർ പ്രവർത്തനങ്ങൾ സ്ഥാപനം സ്ഥിതി ചെയ്യുന്ന തദ്ദേശസ്വയംഭ സ്ഥാപനത്തിന്റെ പരിധിയിൽ മാത്രം നടത്തേണ്ടതാണ്.

2. ക്വാറിയുടെ പ്രവർത്തനം മൂലം ചുറ്റുമുള്ള പ്രദേശങ്ങളിലെ ജനങ്ങൾക്കും പരിസ്ഥിതിയ്ക്ക ഉണ്ടാകുന്ന പാരിസ്ഥിതികവും സാമൂഹികവുമായ ആഘാതങ്ങളുടെയും ആവശ്യങ്ങളുടെ അടിസ്ഥാനത്തിലായിരിക്കണം സി.എസ്.ആർ പ്രവർത്തനങ്ങൾ നടത്തേണ്ടത്.

3. സി.എസ്.ആർ പ്രവർത്തനങ്ങൾ നടത്തുന്ന പ്രദേശത്തിലെ വ്യക്തികൾ/ തദ്ദേശസ്വയം ഭ സ്ഥാപനങ്ങൾ എന്നിവരുമായി കൂടിയാലോചിച്ച് തയ്യാറാകുന്ന സി.എസ്.ആർ പ്രവർത്തനങ്ങള വിശദാംശങ്ങൾ SEIAA യ്ക്ക് സത്യവാങ്മൂലമായി പരിസ്ഥിതി ക്ലിയറൻസ് സർട്ടിഫിക്ക അപേക്ഷിക്കുമ്പോൾ സമർപ്പിക്കേണ്ടതാണ്.

4. സി.എസ്. ആർ പ്രവർത്തനങ്ങൾക്കായി ഒരു പ്രത്യേക ബാങ്ക് അക്കൌണ്ട് ആരംഭിക്കേണ്ട ഓരോ വർഷവും നടപ്പിലാക്കിയ പ്രവർത്തികളുടെ റിപ്പോർട്ട് പരിസ്ഥിതി, വന കാലാവ വ്യതിയാന മന്ത്രാലയത്തിന്റെ റീജണൽ ഓഫീസിലേക്ക് സമർപ്പിക്കേണ്ടതുമാണ്.

2013 ലെ കമ്പനീസ് ആക്ട് (അമെൻമെന്റ്), സെക്ഷൻ 135 വ്യവസ്ഥകളുടെ ചുവട് പിടിച്ച് കെ പരിസ്ഥിതി വിഭവങ്ങൾ ഉപയോഗിക്കുന്ന സ്ഥാപനങ്ങൾ സി.എസ്.ആർ പ്രവർത്തന നടത്തുന്നതിനായി സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി പുറപ്പെടുവിക്ക നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ട ഉത്തരവാദിത്തം നഗരസഭകള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്.

ലൈസൻസ് രേഖകൾ പ്രകാരം കരിമ്പുഴ പഞ്ചായത്തിൽ ഓഡിറ്റ് വർഷത്തിൽ ലൈസ അനുവദിച്ച ക്വാറിയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഉടമയുടെ പേര്/ സ്ഥലത്തിന്റെ വിസ്തീർണ്ണം | ലൈസൻസ് ഫീ അടവാക്കിയ രസീതി നം./തീയതി/ തുക | പരിസ്ഥിതി ക്ലിയറൻസ് ഉത്തരവ് നം. |
|---|---|---|
| സുധാകരൻ.സി<br>സർവ്വേ നം.74/2, 75 &76<br>Area – 1.1932 Hectares | 1230102971/28-11-23/5000 | EC No.DIA/KL/PL/25/2017 Dated: 05/03/2018<br>Life Of Mine -12 Years |

ലഭ്യമാക്കിയ പരിസ്ഥിതി ക്ലിയറൻസ് ഉത്തരവ് പ്രകാരം ലൈസൻസ് കാലയളവിൽ സി.എസ്.ആ സി.ഇ.ആർ (Corporate Social Responsibility/Corporate Environmental Responsibilities) പ്രവർത്തനങ്ങൾ ബന്ധ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ മേൽനോട്ടത്തിൽ നടത്തണമെന്ന നിബന്ധനയില പരിസ്ഥിതി ക്ലിയറൻസ് നൽകിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| Description | Amount | |
|---|---|---|
| | Recurring | Non Recurring |
| Promotion Of Education | 49,000/Annum | 75,000 |
| Environmental Sustainability | 15,000/Annum | 61,000 |
| Health Care | 1,00,000/Annum | 1,00,000 |
| Social Aspects | 50,000/Annum | - |
| Total | 2,14,000 | 2,36,000 |

ഈ സ്ഥാപനം സാമൂഹ്യ പ്രതിബദ്ധതാ പ്രവർത്തനങ്ങൾ നടത്തിയതിന്റെ വിവരങ്ങ ശേഖരിക്കുന്നതിനോ, ആയത് ഉറപ്പ് വരുത്തുന്നതിനോ, മോണിറ്റർ ചെയ്യുന്നതിനോ, ഗ്ര പഞ്ചായത്ത് എന്തെങ്കിലും സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങ ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന്റെ (28/14-08-2024) മറുപടിയോടൊപ്പം ക ഉടമ പഞ്ചായത്തിൽ ഹാജരാക്കിയ സ്വകാര്യ പാലിയേറ്റീവ് കെയർ യൂണിറ്റ്, ചാരിറ്റബ സൊസൈറ്റി, വായനശാല മുതലായവയുടെ യോഗ മിനിട്സിന്റെ പകർപ്പുകള ലഭ്യമാക്കിയിട്ടുള്ളത്. ആയതു പ്രകാരം മേൽ തുകകൾ പ്രസ്തുത മേഖലകളിൽ ചെലവഴിച്ചിട്ടു എന്നു വ്യക്തമല്ല.

ക്വാറി പോലെ പരിസ്ഥിതി വിഭവങ്ങൾ ഉപയോഗിക്കുന്ന സ്ഥാപനങ്ങൾക്ക് ലൈസ നൽകുമ്പോൾ ഹാജരാക്കുന്ന പരിസ്ഥിതി ക്ലിയറൻസ് സർട്ടിഫിക്കറ്റിൽ നിർദ്ദേശിച്ചിട്ട സി.എസ്.ആർ പ്രവർത്തനങ്ങൾ ഓരോ വർഷങ്ങളിലും നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തു മോണിറ്ററിംഗ് സംവിധാനം കൊണ്ടുവരേണ്ടതാണ്.

ലൈസൻസ് നൽകുന്നതിലേക്കായി പ്രയോഗിക്കുന്ന നിയന്ത്രണാധികാരം ഫലപ്രദമ വിനിയോഗിക്കേണ്ടതും നിലവിൽ സി.എസ്.ആർ പരിധിയിൽ ഉൾപ്പെടുത്തേണ്ട സ്ഥാപനങ്ങളുടെ വിവരം ശേഖരിച്ച് അവയെ ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്ന നിർദ്ദേശിക്കാവുന്നതുമാണ്.

പ്രകൃതി വിഭവങ്ങൾ ഏറ്റവും കൂടുതൽ ചൂഷണം നടക്കുന്ന പ്രദേശങ്ങളിൽ മേൽ പരാമർ തരത്തിൽ ഫണ്ട് വിനിയോഗിക്കേണ്ടതും, വിനിയോഗിച്ചിട്ടില്ലെങ്കിൽ തുടർനടപടി സ്വീകരിക്കേണ്ടതുമാണ്.

നടപ്പിലാക്കുന്ന പദ്ധതികൾ പ്രകൃതി വിഭവങ്ങളെ പരിപോഷിപ്പിക്കുന്നതിനോടൊ സാമൂഹികവും സാമ്പത്തികവുമായ ഉന്നമനത്തിന് സഹായിക്കുന്നതും പൊതു വികസനത്തിന് അധിഷ്ഠിതവുമായിരിക്കണം. ഉദാ. നദീ നവീകരണം, മഴവെള്ള സംഭരണികള നിർമ്മാണം തുടങ്ങിയവ.

സാമൂഹിക പ്രതിബദ്ധത നിറവേറ്റുന്നതിന്റെ ഭാഗമായി വകയിരുത്തുന്ന സി.എസ്.ആർ ഫണ്ടു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചെലവഴിക്കപ്പെടുന്നതിന് പ്രൊജക്ട് തയ്യാറാക്കു പരിശ്രമിക്കേണ്ടതാണെന്ന് 14-ാം പദ്ധതി മാർഗ്ഗരേഖ (19.04.2022 ലെ സ.ഉ(കൈ).നം.86/2022/ത.സ്വ. ഖണ്ഡിക 5.1(10) പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതാണ്.
തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

**<u>1-16 തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്</u>**

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204(1) (Ii)എ(I) പ്രകാരം ഓരോ അർദ്ധവർഷ തുടർച്ചയായോ പലപ്പോഴായോ 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊ നികുതിയ്ക്ക് വിധേയനാകും. എന്നാൽ ഗ്രാമപഞ്ചായത്തിലും ഗ്രാമപഞ്ചായത്ത് പരിധിയിലുമ ഓഡിറ്റു കാലയളവിലെ അർദ്ധവർഷങ്ങളിൽ താഴെ കൊടുത്തിരിക്കുന്ന ജീവനക്കാർ ദിവസത്തിൽ കൂടുതൽ ജോലി ചെയ്തിട്ടും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

**<u>1. കരാറുകാർ</u>**

എൽ.എസ്.ജി.ഡി സെക്ഷനിലെ എഗ്രിമെന്റ് രജിസ്റ്റർ പരിശോധിച്ചത് പ്രകാരം 2023-24 വർഷ വിവിധ പദ്ധതി പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി താഴെ പറയുന്ന കരാറുകാർ പഞ്ചായ പരിധിയിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. തൊഴിൽ നികുതി രജിസ്റ്റർ പരിശോധനയിൽ ഭാഗികമ ചില കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്. എന്നാൽ താഴെ പറ കരാറുകാരിൽ നിന്നും ഈടാക്കുവാൻ വിട്ടുപോയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | കരാറുകാർ | ഏറ്റെടുത്ത പ്രവൃത്തികൾ ഉദാ:- |
|---|---|---|
| 1 | ബാലകൃഷ്ണൻ.കെ, വാക്കടപ്പുറം | വാക്കടപ്പുറം ഹെൽത്ത് സെന്റർ നവീകരണം |
| 2 | രാജേഷ്.പി, കോട്ടപ്പുറം | കണ്യാർകാവ് - തുവ്വശ്ശേരി റോഡ് പുനരുദ്ധാരണം |
| 3 | ദാസൻ.ഇ, കരിമ്പുഴ | ഹെൽത്തി കിഡ്സ് ക്ലാസ്സ് റൂം |
| 4 | കുഞ്ഞീൻ.എൻ, പൊമ്പ്ര | ആയുർവേദാശുപത്രി നവീകരണം |

| | | |
|---|---|---|
| 5 | ചിന്നക്കുട്ടൻ.പി, പൊമ്പ്ര | കൊങ്ങശ്ശേരി കയ്പ്പുള്ളി പള്ളിയാലിൽ റോഡ് |
| 6 | അസ്സനാർ.എൻ, പൊമ്പ്ര | മില്ലുംകുന്ന് അമ്പലംപാടം റോഡ് കോൺക്രീറ്റ് |
| 7 | സലിം.എൻ, പൊമ്പ്ര | റിനോവേഷൻ ഓഫ് ബൈപാസ്സ് - മാങ്ങാട്ട് കോളനി റോഡ് |
| 8 | മുസ്തഫ, കോട്ടപ്പുറം | MCF – ൽ ബോർവെൽ |

**2.<u>ദേവസ്വം ജീവനക്കാർ</u>**

മലബാർ ദേവസ്വത്തിനു കീഴിലെ താഴെ പറയുന്ന ക്ഷേത്രങ്ങളിലെ ദേവസ്വം ജീവനക്കാ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | ക്ഷേത്രം |
|---|---|
| 1 | ശ്രീരാമ സ്വാമി ക്ഷേത്രം |
| 2 | കുറുവായൂർ ഭഗവതി ദേവസ്വം, എലമ്പുലാശ്ശേരി, |
| 3 | നാലുശ്ശേരി ഭഗവതി ദേവസ്വം, എലമ്പുലാശ്ശേരി |
| 4 | പുത്തൂർ ദേവസ്വം, എലമ്പുലാശ്ശേരി |
| 5 | രാമസ്വാമി ദേവസ്വം, കരിമ്പുഴ |
| 6 | തിപ്പലിക്കാട് ദേവസ്വം, കരിമ്പുഴ |
| 7 | തിരുവളയനാട് ഭഗവതി ദേവസ്വം, കോട്ടപ്പുറം |
| 8 | വേട്ടയെക്കാരു മകൻ ദേവസ്വം, കുലുക്കിലിയാട്, കോട്ടപ്പുറം |

വരുമാനത്തിനനുസൃതമായി ദേവസ്വം ബോർഡിനു കീഴിലെ മേൽ അമ്പലങ്ങള് ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്യിട്ടുണ്ടെങ്കിൽ വിശദാംശ ഹാജരാക്കേണ്ടതാണ്.

**3. <u>അൺ എയ്ഡഡ് സ്കൂൾ ജീവനക്കാർ</u>**

തൊഴിനികുതി രജിസ്റ്റർ, തൊഴിൽ നികുതി പത്രികകൾ എന്നിവ പരിശോധിച്ചപ്പോൾ ത പറയുന്ന അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും രണ്ട് അ വർഷങ്ങളിലും തൊഴിൽ നികുതി ഈടാക്കിയിട്ടില്ലെന്ന് ബോധ്യപ്പെട്ടു. വിശദാംശങ്ങൾ ത ചേർക്കുന്നു.

| ക്രമ നം. | സ്കൂളിന്റെ പേര് |
|---|---|
| 1 | PPTM HS, പൊമ്പ്ര |
| 2 | MHM ട്രസ്റ്റ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, കുലിക്കിലിയാട് |
| 3 | കോട്ടപ്പുറം സെൻട്രൽ സ്കൂൾ |
| 4 | ദർശന ഇംഗ്ലീഷ് മീഡിയം സ്കൂൾ, കോട്ടപ്പുറം |

ഓഡിറ്റ് അന്വേഷണം നം.25/13-08-2024 – ന് തൊഴിൽ നികുതി ഈടാക്കി അറിയിക്കുന്നതാണ് മ മറുപടി അറിയിച്ചിട്ടുണ്ട്. തൊഴിൽ നികുതി ഇനത്തിലുള്ള വരുമാന ചോർച്ച ഇല്ലായെന്ന് ഉ വരുത്തേണ്ടതാണ്.

## <u>1-17 സ്പിൽ ഓവർ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടില്ല</u>

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി മുൻവർഷങ്ങളിൽ ആരംഭിച്ചതും 2023-24 ൽ സ്പിൽ ഓ ആക്കിയ താഴെ പറയുന്ന പദ്ധതികൾ തൻവർഷം നടപ്പിലായതായി കാണുന്നില്ല. ആയതിന് വിശദീകര

ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.07/18.07.2024) ലഭ്യമാക്കിയ മറുപടി സഹ ചുവടെചേർക്കുന്നു

| ക്രമ നം | പ്രോജക്ട് | ഫണ്ട് | അടങ്കൽ | മറുപടി |
|---|---|---|---|---|
| 1 | 171/24 വാതിൽപ്പടി സേവനം | തനതുഫണ്ട് | 100000 | രൂപീകരണ സമയത്ത് വിശദാംശങ്ങൾ ലഭ്യമായിരുന്നില്ല. നിർവ്വഹണത്തിന് തുക ആവശ്യം വരാത്തതിനാലാണ് ചെലവ് ഇല്ലാത്തത് |
| 2 | 168/24 അതി ദരിദ്ര്യർക്കുള്ള മൈക്രോ പ്ലാൻ | തനതുഫണ്ട് | 67400 | രൂപീകരണ സമയത്ത് വിശദാംശങ്ങൾ ലഭ്യമായിരുന്നില്ല. നിർവ്വഹണത്തിന് തുക ആവശ്യം വരാത്തതിനാലാണ് ചെലവ് ഇല്ലാത്തത് |
| 3 | 174/24 തെളിനീരൊഴുകും കേരളം | തനതുഫണ്ട് | 50000 | രൂപീകരണ സമയത്ത് വിശദാംശങ്ങൾ ലഭ്യമായിരുന്നില്ല. നിർവ്വഹണത്തിന് തുക ആവശ്യം വരാത്തതിനാലാണ് ചെലവ് ഇല്ലാത്തത് |
| 4 | 176/24 തെരുവുവിളക്ക് സ്ഥാപിക്കൽ | വികസന ഫണ്ട് | 298882 | PWD NOC ലഭിക്കാൻ വൈകിയതിനാലാണ് പ്രവൃത്തി നീണ്ടുപോയത് 2024-25 ൽ നിർവ്വഹിച്ചിട്ടുണ്ട് |

ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ച പ്രവൃത്തികൾ സമയബന്ധിതമ നടപ്പിലാക്കാത്തത് പ്ലാൻ ഫണ്ടുകൾ ലാപ്സാകുന്നതിന് ഇടയാകുന്നു. ആയത് തുടർ വർഷങ്ങള് പദ്ധതികളുടെ ആസൂത്രണത്തെ ദോഷകരമായി ബാധിക്കുന്നതാണ്. ആവശ്യകത മുൻനിർ പ്രോജക്ടുകൾ രൂപീകരിക്കേണ്ടതും പ്രവൃത്തികളുടെ സമയബന്ധിത പൂർത്തീകര ഉറപ്പാക്കേണ്ടതുമാണ്.

## 1-18 എം.സി എഫിൽനിന്നും അജൈവ മാലിന്യങ്ങൾ നീക്കം ചെയ്യൽ- ആദായ നികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ എം.സി.എഫിൽ ശേഖരിച്ചിട്ടുള്ള പുന:ചംക്രമണ യോഗ്യമല്ലാത്ത അജൈ മാലിന്യം ( Legacy Waste) നീക്കം ചെയ്യുന്നതിന് ക്ലീൻ കേരള കമ്പനിക്ക് തുക നൽകുന്നതിന പ്രോജക്ടിൽ നിയമാനുസൃത നികുതികൾ കുറവ് ചെയ്തിട്ടില്ല.

ആദായ നികുതി നിയമം സെക്ഷൻ 194 സി പ്രകാരം സേവന ദാതാക്കളിൽനിന കരാറുകാരിൽനിന്നും ആദായ നികുതി (വ്യക്തികൾ@ 1%, സ്ഥാപനങ്ങൾ@ 2%) ഈടാക്കേണ്ടത എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ആദായ നികുതി ഈടാക്കാതെയാണ് കരാറുകാരന് ( നൽകിയിരിക്കുന്നത്. വിശദവിവരം ചുവടെചേർക്കുന്നു

| | |
|---|---|
| പ്രോജക്ട് | 173/24 പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ക്ലീൻകേരള കമ്പനിക്ക് തുക നൽകൽ |
| അടങ്കൽ | 349609 രൂപ CFC ഗ്രാന്റ് |
| ചെലവ് | 349609രൂപ |
| കരാറുകാരൻ | ക്ലീൻ കേരള കമ്പനി |
| വൗച്ചർ നം തീയതി | 22300642/29.11.23- 293209 രൂപ<br>22301119/31.03.24- 56400രൂപ |

നിയമാനുസൃതം ഈടാക്കേണ്ട ആദായ നികുതി (@2%) മേൽ സ്ഥാപനത്തിൽനിന്നും ഈടാ ബന്ധപ്പെട്ട വകുപ്പുകളിൽ അടവാക്കാതെ തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കുന്ന നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.08/12.08.2024) മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധ പ്രവൃത്തിയായതിനാൽ നികുതി കുറവ് ചെയ്യേണ്ടതില്ല എന്ന് അറിയിച്ചതിനാല ഈടാക്കാതിരുന്നതെന്നും, അടുത്ത ബിൽ മുതൽ ടി.ഡി.എസ് കുറവ് ചെയ്യുന്നതാണെന്നും മറു നൽകിയിട്ടുണ്ട്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-19 എ.ബി.സി പദ്ധതി വിഹിതം നൽകൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

പാലക്കാട് ജില്ലാ പഞ്ചായത്തും, ജില്ലയിലെ മറ്റു ഗ്രാമപഞ്ചായത്തുകളും, നഗരസഭക സംയുക്തമായി നടപ്പിലാക്കുന്ന എ.ബി.സി പദ്ധതി യുടെ നടത്തിപ്പിനായി കരി ഗ്രാമപഞ്ചായത്തിന്റെ വിഹിതമായി 100000 രൂപ പാലക്കാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയ അക്കൌണ്ടിലേക്ക് (അക്കൗണ്ട് നം. 799011400002200 STSB പാലക്കാട്) നൽകിയിട്ടുണ്ട്. വിശദാംശ ചുവടെചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് | 239/2024 എ.ബി.സി പദ്ധതി |
| അടങ്കൽ | 100000 രൂപ തനതു ഫണ്ട് |
| ചെലവ് | 100000 രൂപ |
| വൌച്ചർ നം.തീയതി | 22300437/08.09.23-100000 രൂപ |
| നിർവഹണം | സെക്രട്ടറി |

തദ്ദേശഭരണ സ്ഥാപനതലത്തിൽ തെരുവ് നായ്ക്കളുടെ എണ്ണത്തിന് അനുസരിച്ച് വകയിരുത്തുന്നതിന് ജില്ലാ മൃഗസംരക്ഷണ ഡെപ്യൂട്ടി ഡയറക്ടർ നിർദ്ദേശിച്ചിട്ടുണ്ട് (നായ ഒന്ന മൃഗസംരക്ഷണ വകുപ്പ് കണക്കാക്കിയ നിരക്ക് മരുന്നിനത്തിൽ 600 രൂപയും, 200 രൂപ നായ്ക്കള ട്രാൻസ്പോർട്ടേഷനും 400 രൂപ ആഹാരത്തിനും ഒരു നായയെ പിടിയ്ക്കുന്നതിന് 300 രൂപ നിരക്ക ഡോഗ് കാച്ചേഴ്സിന്റെ പ്രതിഫലം ആകെ 1,500 രൂപ)

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള *തെരുവ് നായ്ക്കളുടെ വംശവർദ്ധനവ് നിയന്ത്രിക്കുന്ന സ്വീകരിച്ച നടപടികളുടെ വിശദമായ വിനിയോഗ സാക്ഷ്യപത്രം പരിശോധന ലഭ്യമാക്കുന്നതിന്* നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.11/09.08.2024) ആയത് ആവശ്യ പാലക്കാട് ജില്ലാപഞ്ചായത്ത് ഓഫീസിലേക്ക് കത്ത് നൽകിയിട്ടുണ്ടെന്നും, ലഭ്യമാകുന്ന മുറ ഹാജരാക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-20 ഭരണസമിതിയോഗമിനിട്സ്- പൂർത്തീകരണം സമയപരിധി പാലിക്കുന്നില്ല

